**അവലോകനം**

മി. സ്പീക്കർ: നമുക്ക് അറിയാവുന്നതുപോലെ സഭയുടെ 17-ാം സമ്മേളനം ചേരുന്നതുസംബന്ധിച്ച തീരുമാനം വളരെ പെട്ടെന്ന് കൈക്കൊണ്ടതാണ്. നമ്മുടെ സഭാംഗമായിരുന്ന മുൻമന്ത്രി തോമസ് ചാണ്ടിയുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി സഭ പിരിയുകയെന്ന നടപടിക്രമം ഈ പ്രത്യേക സാഹചര്യത്തിൽ നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ല. അന്തരിച്ച അംഗത്തോടുള്ള എല്ലാ ആദരവും പ്രകടിപ്പിക്കുന്ന തരത്തിലുള്ള ഒരു ചരമോപചാരം സഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽത്തന്നെ നിർവ്വഹിക്കപ്പെടുന്നതാണ്.

വൈവിദ്ധ്യമാർന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും ശക്തിയും ഓജസ്സും ഉയർത്തിപ്പിടിക്കുന്ന സുപ്രധാനമായ മൂന്ന് പ്രമേയങ്ങളാണ് സഭ ഇന്ന് പാസ്സാക്കിയത്. ഇന്ത്യയിലെ ഇതര ജനപ്രതിനിധി സഭകൾക്ക് മാതൃകയാകുന്ന തരത്തിലുള്ള ഒരു നടപടിയാണിതെന്ന കാര്യത്തിൽ തർക്കമില്ല. ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ സഭായോഗം ചേരാനും നടപടികൾ പൂർത്തീകരിക്കാനും ചെയറുമായി സഹകരിച്ച ബഹുമാന്യരായ മുഖ്യമന്ത്രി,

മന്ത്രിമാർ, പ്രതിപക്ഷനേതാവ്, കക്ഷി നേതാക്കൾ, മറ്റംഗങ്ങൾ, പത്ര മാധ്യമ പ്രവർത്തകർ, നിയമസഭയിലെയും മറ്റ് വകുപ്പുകളിലെയും ഉദ്യോഗസ്ഥർ എന്നിവർക്ക് ചെയർ നന്ദി രേഖപ്പെടുത്തുന്നു. എല്ലാവർക്കും ഊഷ്മളമായ പുതുവർഷം നേരുന്നു.

ഓർഡർ.... ഓർഡർ... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ 2019 ഡിസംബർ 31-ാം തീയതി ഉച്ചയ്ക്കുശേഷം 12.38-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)